"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് - **'ആന്തൂർ നഗരസഭയിൽ ഷീ ടർഫ് (വനിതകൾക്ക് വേണ്ടിയുള്ള കളിക്കളം)'** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1050/2025/LSGD തീയതി,തിരുവനന്തപുരം, 26-04-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 6622/2024/ധന സർക്കാർ ഉത്തരവ് തീയതി 31.08.2024
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.03.2025 ലെ LSGD/PD/5940/2025-DB5 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ല തളിപ്പറമ്പ നിയോജക മണ്ഡലം ആന്തൂർ നഗരസഭ ബജറ്റ് പ്രവൃത്തി ; 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II - ൽ ക്രമ നമ്പർ 1865 ആയി ഉൾപ്പെടുത്തി 50 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തിയിട്ടുള്ളതും പരാമർശം (1) ഭേദഗതി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പായി നിശ്ചയിച്ചതുമായ **'ആന്തൂർ നഗരസഭയിൽ ഷീ ടർഫ് (വനിതകൾക്ക് വേണ്ടിയുള്ള കളിക്കളം)'** എന്ന പ്രവൃത്തിക്കു ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II - ൽ ക്രമ നമ്പർ 1865 ആയി ഉൾപ്പെടുത്തി 50 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്നതും പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പായി നിശ്ചയിച്ചതുമായ**'ആന്തൂർ നഗരസഭയിൽ ഷീ ടർഫ് (വനിതകൾക്ക് വേണ്ടിയുള്ള കളിക്കളം)'** എന്ന പ്രവൃത്തിയ്ക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്കാവശ്യമായ ചെലവ് 4217-60-051-94 (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന വ്യവസ്ഥയിലും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 26-04-2025 10:47:23
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, ആന്തൂർ നഗരസഭ, കണ്ണൂർ
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. ധനകാര്യ (വികസന) വകുപ്പ് (3087720/DEV-3/71/2025-Fin) (എ.എസ് നമ്പർ : AS/LGD/25/41966 , കാലാവധി 24/4/2028)
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി1/70/2025/എൽ.എസ്.ജി.ഡി)